പോലെ, ഇന്ത്യയിലെങ്ങുമുള്ള മഞ്ഞപ്പത്രങ്ങളുടെ പംക്തികളിലും ഏറെക്കാലം വാഴ്ത്തപ്പെടാൻ സാധ്യതയുണ്ട്.

സുവർണക്ഷേത്രത്തിലെ കലാപം സൈനികമായി അമർച്ചചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ അനന്തരഫലങ്ങൾ കാത്തിരുന്നു കാണുകയേ തരമുള്ളൂ.

(ജൂൺ 7, 1984)

# 19. ആശ്വാസം നൽകുന്ന സ്പർശം

പഞ്ചാബിൽ അമൃതസരസ്സിലെ സുവർണക്ഷേത്രത്തിൽ പട്ടാളം പ്രവേശിച്ചത് ജൂൺ 5-ാം തീയതിയാണ്. ഒന്നര ദിവസത്തോളം നീണ്ടുനിന്ന പട്ടാളനടപടികളെപ്പറ്റി ജൂൺ 7-ാം തീയതി ഞാനെഴുതിയ 'സുവർണക്ഷേത്രത്തിലെ കലാപം' എന്ന ലേഖനം ജൂൺ 24-ലെ 'കേരളശബ്ദ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

ജൂൺ 21-ാം തീയതി ഇതെഴുതുമ്പോഴും ഭീകരപ്രവർത്തകരെ പൂർണമായും സുവർണക്ഷേത്രത്തിൽനിന്ന് പുറത്താക്കുവാൻ കഴിഞ്ഞിട്ടില്ല; അതിനാൽ പട്ടാളം സുവർണക്ഷേത്രത്തിൽനിന്ന് ഒഴിഞ്ഞുപോന്നിട്ടുമില്ല.

പട്ടാളനടപടിക്കു മുമ്പും പിമ്പും നടന്ന കാര്യങ്ങളെപ്പറ്റി ഒട്ടുവളരെ ഇതിനകം എഴുതപ്പെട്ടിട്ടുണ്ട്. സുവർണക്ഷേത്രത്തെ ശക്തിയേറിയ ഒരു പ്രതിരോധദുർഗവും സമ്പന്നമായ ഒരു ആയുധക്കലവറയുമായി മാറ്റിയത് മേജർ ജനറൽ ഷൂബേഗ്സിംഹ് എന്ന ഒരാളായിരുന്നു. ബംഗ്ലാദേശ് ഗറില്ലാസേനയ്ക്കു പരിശീലനം നൽകുവാൻ ചുമതലപ്പെട്ടിരുന്നവരിൽ ഒരാളത്രെ ഷൂബേഗ്സിംഹ്. 1979-ൽ മധ്യപ്രദേശിൽ ജനറൽ ഓഫീസർ കമാൻറിങ് ആയിരിക്കെ, ധനാപഹരണത്തിന്റെ പേരിൽ ഇയാളെ സൈന്യത്തിൽനിന്നു പിരിച്ചുവിട്ടു. ഭിന്ദ്രൻവാലേയുടെ സേനാധിപനെന്ന നിലയിൽ ഇയാൾ ഇന്ത്യാഗവൺമെൻറിനോടു ഫലപ്രദമായിത്തന്നെ പകരംവീട്ടുകയും ചെയ്തു. ഇയാളുടെ സഹായത്തിനു വേറെയും രണ്ടു മേജർ ജനറൽമാരും രണ്ടു ബ്രിഗേഡിയർമാരും ഉണ്ടായിരുന്നുവത്രെ. ഇന്ത്യൻസേനയുടെ ആയുധപ്പുരയിൽനിന്നുതന്നെ തങ്ങൾക്കാവശ്യമുള്ളത്ര ആയുധങ്ങളും വെടിക്കോപ്പുകളും സംഭരിക്കാൻ ഈ ഉയർന്ന പട്ടാള ഉദ്യോഗസ്ഥന്മാർക്കു പ്രയാസമുണ്ടായിട്ടില്ലെന്നു പറയപ്പെടുന്നു. സുവർണക്ഷേത്രത്തിൽനിന്ന് ഒട്ടധികം ചൈനീസ്–അമേരിക്കൻ ആയുധങ്ങൾ സൈന്യം പിടിച്ചെടുക്കുകയുണ്ടായി. ഇവ പാകിസ്ഥാനിൽനിന്നു കിട്ടിയതാണെന്നു വ്യക്തം. വിദേശങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനു ഭീകരന്മാർ ഉപയോഗിച്ചിരുന്ന ഒരു പ്രക്ഷേപണയന്ത്രവും അവിടെ കാണുകയുണ്ടായി. അതേസമയം, പൂണേയിൽനിന്നും കാൺപൂരിൽനിന്നും പീഞ്ഞപ്പെട്ടികളിലടച്ചു ട്രക്കുകളിൽ കയറ്റിയ എത്രയോ ആയുധങ്ങൾ, മധുരനാരങ്ങയോ സിമന്റോ മറ്റോ ആണെന്നപേരിൽ, മാസങ്ങളോളമായി സുവർണക്ഷേത്രത്തിൽ എത്തിയിരുന്നു എന്ന് ഇപ്പോൾ വെളിവായിട്ടുണ്ട്. വേണ്ടത്ര കോഴ കിട്ടിയ പോലീസുകാർ, ഈ പീഞ്ഞപ്പെട്ടികളിൽ എന്താണുള്ളതെന്ന് അന്വേഷിക്കുകയുണ്ടായില്ല. ഇന്ത്യൻസേനയ്ക്കുപോലും അസൂയ ജനിപ്പിക്കുന്ന, അത്യാധുനികരീതിയിലുള്ള, ഒരു പ്ലാസ്റ്റിക്ബോംബ്ഫാക്ടറിയും

സുവർണക്ഷേത്രത്തിനകത്തു പ്രവർത്തിച്ചുവന്നിരുന്നുവത്രെ. റെയിൽവേ സംരക്ഷണസേനയുടെ വയർലസ് ഓപ്പറേറ്റർമാർവഴി ഭീകരപ്രവർത്തകർ നാടിന്റെ നാനാഭാഗങ്ങളിലുമുള്ള സഹായികളുമായി സമ്പർക്കം പുലർത്തിക്കൊണ്ടുമിരുന്നു.

ഭിന്ദ്രൻവാലേ മരിച്ചതു് എങ്ങനെയാണു്? 'ന്യൂസ്‌വീക്ക്' എന്ന അമേരിക്കൻ വാരിക പറയുന്നതു്, ഭിന്ദ്രൻവാലേയും, അയാളുടെ ഏററവും അടുത്ത കൂട്ടുകാരനും അഖിലേന്ത്യാ സിഖ്‌വിദ്യാർത്ഥി സംഘടനയുടെ പ്രസിഡണ്ടുമായിരുന്ന അമ്‌രീക്‌സിംഹും തമ്മിൽ ഒരു ആത്മഹത്യക്കരാർ ഉണ്ടാക്കിയിരുന്നിരിക്കണമെന്നാണു്. ഈ കരാർ അനുസരിച്ചു് അമ്‌രീക് സിംഹ് ആദ്യം ഭിന്ദ്രൻ വാലേയെ വെടിവെച്ചുകൊന്നു; പിന്നീടു തന്റെ തലയ്ക്കു താൻതന്നെ വെടിവെച്ചു മരിക്കുകയുംചെയ്തു. അഞ്ഞൂറോളം ഭീകരരാണു സുവർണക്ഷേത്രത്തിൽ പട്ടാളത്തെ ചെറുത്തുനിന്നതു്. അവരിൽ മുന്നൂററമ്പതോളം പേർ മരിച്ചിരിക്കണം. ഓഫീസർമാരും ജവാന്മാരുമടക്കം നൂറോളം പട്ടാളക്കാരും മരിച്ചതായി പറയപ്പെടുന്നു. സുവർണക്ഷേത്രം കൈയേറിയ അതേസമയത്തുതന്നെ പഞ്ചാബിലെ മുപ്പതോളം മററു ഗുരുദ്വാരകളും ഏതാനും ക്ഷേത്രങ്ങളും ഒരു മുസ്ലിംപള്ളിയും പട്ടാളം പരിശോധിക്കുകയും, അവിടെയൊക്കെ ഒളിച്ചുവെച്ചിരുന്ന ആയുധങ്ങൾ പിടിച്ചെടുക്കുകയുംചെയ്തു. രണ്ടു ദിവസം കഴിഞ്ഞു് രാഷ്ട്രപതി ജ്ഞാനിസെയ്‌ൽസിങ് സുവർണക്ഷേത്രം സന്ദർശിച്ചു. ഒരാഴ്ചയ്ക്കുശേഷം കരളിൽനിറയെ കദനഭാരത്തോടെ, രാഷ്ട്രത്തോടു് അദ്ദേഹംചെയ്ത പ്രക്ഷേപണം വികാരനിർഭരമായിരുന്നു.

സുവർണക്ഷേത്രത്തിൽ പട്ടാളം എത്രയോ നേരത്തെ പ്രവേശിക്കേണ്ടതായിരുന്നു എന്നാണു്, ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കൾ, പൊതുവെ അഭിപ്രായപ്പെട്ടതു്. പക്ഷേ, പട്ടാളനടപടിക്കു് എത്രയധികം ന്യായീകരണമുണ്ടെങ്കിലും, സിഖ്ജനതയുടെ അന്തശ്ചേതനയിൽ ഈ സംഭവം അഗാധമായ ആഘാതമേല്പിക്കുകയുണ്ടായി. ശരിക്കു വിവരം കിട്ടാത്തതുകൊണ്ടോ, പാകിസ്താനിൽനിന്നുള്ള പ്രകോപനപരങ്ങളായ ടെലിവിഷൻ പ്രദർശനങ്ങൾ കണ്ടിരുന്നതിന്റെ ഫലമായോ, കുറെയേറെ സിഖ്ഭടന്മാർ കലാപമുണ്ടാക്കി സ്വന്തം താവളങ്ങൾ വിട്ടു്, ആയുധങ്ങൾ ധരിച്ചും ട്രക്കുകളിൽ കയറിയും, അമൃതസരസ്സിലേക്കു നീങ്ങി. വേണ്ടത്ര മുൻകരുതലുണ്ടായിരുന്നതിനാൽ ഇവരെയെല്ലാം അറസ്റ്റുചെയ്യാൻ കഴിഞ്ഞു. നാലായിരത്തോളം സിഖ്പട്ടാളക്കാരെങ്കിലും ഈ കലാപത്തിൽ ഇന്ത്യൻസേനയ്ക്കു നഷ്ടപ്പെട്ടിരിക്കണമെന്നാണു പറയപ്പെടുന്നതു്. പല സിഖുകാരും സർക്കാർ നൽകിയ ബഹുമതികൾ തിരസ്കരിച്ചു; ചില സിഖ് എം. പി. മാർ നിയമസഭാംഗത്വം രാജിവെക്കുകയുംചെയ്തു. ഇത്തരം പ്രത്യാഘാതങ്ങൾ ഇനിയും തുടർന്നേക്കാം.

പുറമേനിന്നു നോക്കുമ്പോൾ, സിഖ്സമൂഹത്തിലെ ക്ഷോഭം അളവിൽക്കവിഞ്ഞുപോയിട്ടില്ല. എന്നാൽ, കേന്ദ്രഗവണ്മെൻറിനോടും കോൺഗ്രസ്പാർട്ടിയോടും ഹിന്ദുസമൂഹത്തോടും കഠിനമായ അമർഷം സിഖുകാരുടെയുള്ളിൽ നീറിപ്പുകഞ്ഞുകൊണ്ടിരിക്കുകയാണെന്നത്രെ പല നിരീക്ഷകരുടെയും അഭിപ്രായം. യുക്തിചിന്തയ്ക്കൊന്നും ഇപ്പോൾ സിഖുഹൃദയങ്ങളിൽ സ്ഥാനമില്ല. തങ്ങൾ ഓരോരുത്തരും അപമാനിക്കപ്പെട്ടിരിക്കുന്നു എന്നും, തങ്ങളുടെ ആത്മാഭിമാനം ചോദ്യംചെയ്യപ്പെട്ടിരിക്കുന്നു എന്നുമുള്ള വേദനയാണു് സിഖ്കാരുടെ ഹൃദയങ്ങളിൽ ഇപ്പോൾ നീറിപ്പുകയുന്നതു്.

പ്രതീക്ഷിച്ചിരുന്നപോലെ, ബ്രിട്ടനിലെയും മററു വിദേശങ്ങളിലെയും സിഖുകാർ ഇന്ത്യാഗവണ്മെൻറിനെതിരായ പ്രക്ഷോഭണം ശക്തിപ്പെടുത്തിയിട്ടുണ്ടു്. ബ്രിട്ടനിൽ രണ്ടു 'ഖാലിസ്ഥാൻ ഗവണ്മെൻറുകൾ' പ്രഖ്യാ

പിക്കപ്പെട്ടിരിക്കുന്നു. ഇവയിലൊന്നിൻെറ പ്രസിഡണ്ടായ ജഗജീത് സിംഹ് ചൗഹാൻ ഇന്ദിരാഗാന്ധിയെയും രാജീവ്ഗാന്ധിയെയും കൊലപ്പെടുത്തുന്നവർക്കു സമ്മാനം പ്രഖ്യാപിച്ചുകൊണ്ടു ചെയ്ത പ്രസംഗം ബി. ബി. സി. ടെലിവിഷനിൽ കാണിക്കുകയുണ്ടായി. പിന്നീട് ബ്രിട്ടീഷ്സർക്കാർ ഈ സംഭവത്തിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. എങ്കിലും പൊതുവെ, വിദേശഗവണ്മെൻറുകളുടെ പ്രതികരണം ഇന്ത്യാഗവണ്മെൻറിന് അനുകൂലവും സിഖ് ഭീകരപ്രവർത്തകർക്കെതിരുമാണ്.

പഞ്ചാബിൽ ഇനി എന്ത്? സൈനികനടപടിയിൽ കേടുപാടുകൾ പററിയ സുവർണക്ഷേത്രപരിസരത്തിലുള്ള കെട്ടിടങ്ങളുടെ റിപ്പയർപ്പണി സിഖ്മതനേതാക്കൾ ഏറെറടുക്കണമെന്നു തീർച്ചപ്പെട്ടിട്ടുണ്ട്. 'കരസേവ' എന്ന പേരിൽ അറിയപ്പെടുന്ന സിഖ്കാരുടെ വഴിപാട് ദേഹാദ്ധ്വാനപ്രവർത്തനങ്ങളിലൂടെയാണ് ഈ അററകുററപ്പണികൾ നടത്തുക.

ഇപ്പോൾ തടങ്കലിലുള്ള ലോംഗോവാൾ, തോഹ്റ, ബാദൽ മുതലായ സിഖ്നേതാക്കന്മാരെ രാജ്യദ്രോഹക്കുററം ചുമത്തി വിചാരണ ചെയ്യുമോ എന്ന് അറിവായിട്ടില്ല. അതിനുമുമ്പ്, ലോംഗോവാളിനെ ജയിലിൽനിന്നു വിട്ടുകിട്ടാനാവശ്യപ്പെട്ട്, ഒരു സ്നേഹിതനെന്ന നിലയിൽ, രാംജേഠ്മലാനി എന്ന അഭിഭാഷകൻ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജി ഒരു ഫുൾബെഞ്ചിൻെറ മുമ്പിൽ വിചാരണയ്ക്കു വരാൻ സാദ്ധ്യതയുണ്ട്. അങ്ങനെയാണെങ്കിൽ, ചരിത്രപ്രാധാന്യമുള്ള ഒരു വിചാരണയായിരിക്കും അത്.

ഗുരുദ്വാരകളുടെ ഭരണം നടത്തിയിരുന്ന ശിരോമണി ഗുരുദ്വാര പ്രബന്ധക്സമിതിയുടെ നേതാക്കൾ മിക്കവാറും തടങ്കലിലോ ഒളിവിലോ നിഷ്ക്രിയരോ ആണ്. അതിനാൽ അവയുടെ ഭരണം മേലിൽ നടത്തേണ്ടതെങ്ങനെയെന്ന പ്രശ്നമുണ്ട്. പ്രബന്ധക്സമിതിയുടെ ഇപ്പോഴത്തെ സംവിധാനത്തിനകത്താണ് ഈ കലാപം അത്രയും നാമ്പെടുത്തു വളർന്നതെന്നതിനാൽ, പ്രബന്ധക്സമിതിയുടെ വ്യവസ്ഥയാകെത്തന്നെ പുനഃപരിശോധിക്കേണ്ടതാണെന്ന അഭിപ്രായമുണ്ട്. ഏതായാലും ദേവാലയങ്ങളും പള്ളികളും ഭാവിയിൽ ആയുധപ്പുരകളോ ചെറുത്തുനിൽപ്പുകേന്ദ്രങ്ങളോ ആകരുത്. ഇതിനേക്കാൾ പ്രധാനമാണ് പഞ്ചാബിൻെറ ഭരണം ആർ നടത്തണമെന്നത്. ഭീകരർ നശിപ്പിക്കപ്പെട്ടിരിക്കുന്നു. അകാലിദൾ നേതൃത്വത്തിനു മുഖം നഷ്ടപ്പെട്ടിരിക്കുന്നു. സിഖുകാർ കോൺഗ്രസ് പാർട്ടിയുമായി തികച്ചും അകന്നിരിക്കുന്നു. പൊതു തെരഞ്ഞെടുപ്പു നടത്തിയാൽ മന്ത്രിസഭ രൂപവത്കരിക്കുന്നതിനുവേണ്ട ഭൂരിപക്ഷം നേടുവാൻ സാദ്ധ്യതയുള്ള ഒരു രാഷ്ട്രീയകക്ഷിയും പഞ്ചാബിലില്ല.

ഇന്ത്യയിലാകെ സിഖ്കാർ ഒരുകോടി നാലുലക്ഷത്തോളം വരും. ഇന്ത്യൻ ജനസംഖ്യയുടെ രണ്ടു ശതമാനത്തിൽ താഴെയാണിത്. പഞ്ചാബിൽ 1981–ൽ 1, 35,51,060 ജനങ്ങൾ ഉണ്ടായിരുന്നതിൽ 81,59,972 പേർ സിഖ്കാരും 53,91,088 പേർ മററു സമുദായക്കാരുമായിരുന്നു. അതിനാൽ, സിഖ്കാർക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള ഭിന്നിപ്പുണ്ടെങ്കിൽ അകാലിദൾപോലെ മതാധിഷ്ഠിതമായ ഒരു സിഖ്പാർട്ടി അധികാരത്തിൽ വരിക പ്രയാസമാണ്.

അതേസമയം, ആവേശജീവികളായ സിഖ്കാർ ക്ഷോഭിച്ചാൽ എന്തു ചെയ്യുമെന്നു പ്രവചിക്കാനാവില്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഏറിയോ കുറഞ്ഞോ സിഖ്കാർ ഉണ്ട്. ദില്ലിയിൽ മൂന്നുലക്ഷത്തോളം പേർ സിഖ്കാരാണ്. ഹരിയാനയിൽ അവരുടെ സംഖ്യ ആറര ലക്ഷത്തോളമുണ്ട്. പഞ്ചാബിനു പുറത്ത് ഇന്ത്യയിലാകെ ഇരുപതു ലക്ഷത്തോളം സിഖ്കാർ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഭാക്

ഡാ കനാലിൽ ഈയിടെ നടന്നതുപോലുള്ള അട്ടിമറി പ്രവർത്തനങ്ങൾ വിദഗ്ദ്ധമായി ആസൂത്രണംചെയ്തു നടത്താൻ, ക്രുദ്ധമായ ഒരു ന്യൂനപക്ഷ വിഭാഗത്തിന് ഇന്ത്യയിൽ ഒരു പ്രയാസവും ഉണ്ടായിരിക്കയില്ല.

അമൃതസരസ്സിലെ കലാപത്തിന്റെ തീപ്പൊരി, അതൊരു അഗ്നിപ്രളയമായി മാറുംമുമ്പ്, തല്ലിക്കെടുത്താൻ പട്ടാളത്തിനു കഴിഞ്ഞു. ഈ കാര്യത്തിൽ പട്ടാളം കൈക്കൊണ്ട മിതത്വവും സംയമവും രാജ്യത്തിന്റെ മുഴുവൻ പ്രശംസയർഹിക്കുന്നു.

അതേസമയം, സിഖ്കാരുടെ ഹൃദയങ്ങളിലെ വ്രണം ചീഞ്ഞളിഞ്ഞു രാഷ്ട്രശരീരത്തെയാകെ വിഷദൂഷിതമാക്കുംമുമ്പ് ആ ഹൃദയങ്ങളിൽ ആശ്വാസദായകമായ ഔഷധലേപനം നടത്തുവാൻ നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിനു കഴിയുമോ? ഇക്കാര്യത്തിൽ പറയത്തക്ക യാതൊരു സഹായവും പ്രതിപക്ഷകക്ഷികളിൽനിന്നോ അവയുടെ നേതാക്കളിൽനിന്നോ ലഭിക്കുക സാദ്ധ്യമല്ലെന്ന് ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെ സംഭാവന ഈ രംഗത്ത് എന്തായിരിക്കുമെന്ന് ഇനിയങ്ങോട്ടു കണ്ടറിയണം. സിഖ്സമൂഹത്തിലെ തലമുതിർന്ന, അതേസമയം അധികാരരാഷ്ട്രീയവടംവലികളിൽനിന്നു വിട്ടുനിൽക്കുന്ന, നേതാക്കൾ ബുദ്ധിജീവികൾ, യുവജനങ്ങൾ എന്നിവർക്ക്, സിഖ്സമൂഹത്തെ ഇന്നു ബാധിച്ച അന്യതാബോധം അകറ്റി അവരെ രാഷ്ട്രജീവിതത്തിന്റെ മുഖ്യധാരയിലേക്കു തിരിച്ചുകൊണ്ടുവരാൻ ഒരുപക്ഷേ, കഴിഞ്ഞേക്കും. തങ്ങളോടൊപ്പമുള്ള സിഖ്കാരുമായി സമ്പർക്കം സ്ഥാപിക്കുകയും, അവരുടെ മാനസിക വൈക്ലബ്യം പരിഹരിക്കുന്നതിൽ യഥാശക്തി സഹായിക്കുകയും ചെയ്യുകവഴി, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള അന്യമതസ്ഥർക്കും ഈ പ്രക്രിയയെ ത്വരിതപ്പെടുത്താൻ സാധിക്കും.

ഒരു ജനതയെന്ന നിലയിൽ നമ്മുടെയെല്ലാം വിവേകം ഇവിടെ പരീക്ഷിക്കപ്പെടുകയാണ്.

(21 ജൂൺ, 1984)

# 20. ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയും അകാലിദളും....

പഞ്ചാബിൽ അമൃതസരസ്സിലെ സുവർണക്ഷേത്രം ഭിന്ദ്രൻവാലേയുടെ പ്രതിരോധദുർഗവും ആയുധശാലയുമായിത്തീർന്നതെങ്ങനെ? ഗുരുദ്വാരകൾ കലാപകേന്ദ്രങ്ങളായി മാറിയതിന് ആർ ഉത്തരവാദി?

ഏതെങ്കിലും ഇടവകയിലെ ക്രിസ്ത്യൻപള്ളി അക്രമകേന്ദ്രമായി മാറിയാൽ, അവിടത്തെ വികാരിയെയാണു നാം കുറ്റപ്പെടുത്തുക. ഒരു രൂപതയിലെ പള്ളികൾ മുഴുവൻ അക്രമകേന്ദ്രങ്ങളായാൽ, ഉത്തരവാദിത്തം മെത്രാനിലേക്കു മാറുന്നു.

പഞ്ചാബിലെ എല്ലാ ഗുരുദ്വാരകളുടെയും ഭരണം നിർവഹിക്കുന്നതു ശിരോമണി ഗുരുദ്വാര പ്രബന്ധക് സമിതിയാകയാൽ ആ സ്റ്റേറ്റിലെ ഈയിടത്തെ അത്യാഹിതത്തിന് ഉത്തരവാദിത്തം വഹിക്കേണ്ടതു സമിതിതന്നെയാണ്.

1920–വരെ സിഖ്കാരുടെ ഓരോ ഗുരുദ്വാരയും ഓരോ മഹന്തിന്റെ കീഴിലായിരുന്നു. കേരളത്തിലെ ക്ഷേത്രങ്ങൾ ഊരാണ്മക്കാരുടെ കീഴിലായിരുന്നതുപോലെ എന്നുപറയാം. ഓരോ മഹന്തും ഗുരുദ്വാരയെ തങ്ങളുടെ